(ബി) വയലുകളിൽ നിന്ന് ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ കളിമണ്ണ് കുഴിച്ചെടുത്തതിനുശേഷം അത് പൂർവ്വസ്ഥിതിയിൽ നെൽകൃഷിക്ക് ഉപയുക്തമാക്കിത്തീർക്കണമെന്ന് മണ്ണ് കുഴിച്ചെടുക്കുന്നതിന് അനുമതി നൽകുന്ന ബന്ധപ്പെട്ട റവന്യൂ ഉദ്യോഗസ്ഥൻ (ജില്ലാ കളക്ടർ/റവന്യൂ ഡിവിഷണൽ ഓഫീസർ) അനുമതി നൽകുന്ന ഉത്തരവിൽ വ്യവസ്ഥ ചെയ്യാറുണ്ട്. എന്നാൽ ജിയോളജി വകുപ്പ് കേരള മൈനർ മിനറൽ കൺസംപ്ഷൻ റൂൾപ്രകാരം അനുമതി നൽകുന്ന കേസുകളിൽ ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നതായി കാണുന്നില്ല.

(സി) പരിശോധിക്കുവാൻ ജിയോളജി വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

(ഡി) നിബന്ധനകൾക്ക് വിരുദ്ധമായി കൃഷിയോഗ്യമല്ലാത്തവിധം നെല്പാടങ്ങളിൽ നിന്ന് മണ്ണെടുക്കുന്നത് 1967-ലെ കേരളഭൂവിനിയോഗ ഉത്തരവിലെ വ്യവസ്ഥകൾപ്രകാരം നിരോധിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് കർശനമായി നടപ്പാക്കുന്നതിന് കാലാകാലങ്ങളിൽ സർക്കാർ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കൃഷിയോഗ്യമല്ലാത്തവിധം മണ്ണെടുക്കുന്ന കേസുകളിൽ കൃഷിഭൂമി പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഉത്തരവ് കൊടുക്കാറുണ്ട്. ഇത് ഓർമ്മിപ്പിച്ചു കൊണ്ടു ഒരു reminder circular കൂടി കൊടുക്കാം.

കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ

104 (1899) ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലാണോ പ്രവർത്തിക്കുന്നത് ;

(ബി) കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ എന്തെല്ലാം സ്ഥാപനങ്ങൾ ആണ് പ്രവർത്തിക്കുന്നത് ; ഇവ ഏതെല്ലാം മേഖലകളിലാണ് കർഷകർക്ക് സേവനം നൽകുന്നത് ;

(സി) പുതുതായി എന്തെങ്കിലും സ്ഥാപനം കോർപ്പറേഷന്റെ കീഴിൽ തുടങ്ങുന്നതിന് ഉദ്ദേശമുണ്ടോ ; എങ്കിൽ അവ ഏതെല്ലാം ; വെളിപ്പെടുത്താമോ ?

ഉത്തരം

(എ) കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ ഇപ്പോൾ ലാഭത്തിലല്ല പ്രവർത്തിക്കുന്നത്.

(ബി) കേരള സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ ഇപ്പോൾ മറ്റു സ്ഥാപനങ്ങളൊന്നും തന്നെ പ്രവർത്തിക്കുന്നില്ല.

(സി) ഈ കോർപ്പറേഷന്റെ കീഴിൽ പുതുതായി സ്ഥാപനങ്ങളൊന്നും തന്നെ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly